## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5409

28.07.2015-ൽ മറുപടിക്ക്

### കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറിയ സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ കവടിയാർ വില്ലേജിൽ കുറവൻകോണം വാർഡിൽ പത്മനാഭൻ ആചാരിയുടെ പേരിലുള്ള റ്റി.സി. 4/2369-ാം നമ്പർ വീടിന് ഏത് വർഷം വരെ കരം അടച്ചിട്ടുണ്ട്; | (എ) | 1997-1998 രണ്ടാം അർദ്ധവർഷം വരെ നികുതി ഒടുക്കിയിട്ടുണ്ട്. |
| (ബി) | അവസാനമായി ആരുടെ പേരിലാണ് പ്രസ്തുത കെട്ടിടത്തിന് കരം അടച്ചത്; | (ബി) | ശ്രീമതി ശ്രീദേവിയുടെ പേരിലാണ് അവസാനമായി നികുതി ഒടുക്കിയത്. |
| (സി) | കരം അടയ്ക്കുന്ന രസീതിൽ ഉടമസ്ഥന്റെ പേര് മാറാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം കോർപ്പ- റേഷൻ ഓഫീസിലെ 2/02/1996 ലെ ആർ23/68898/95-ാം നമ്പർ ഉത്തരവിന്റെ അടി- സ്ഥാനത്തിലാണ് പേര് മാറ്റിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത വീട് സ്ഥിതിചെയ്യുന്ന സ്ഥലം പരേതനായ പത്മനാഭൻ ആചാരിയുടെ മകൻ പി. നീലകണ്ഠന് കൈമാറ്റം ചെയ്യുകയും അതനുസരിച്ച് വീടിന്റെ ഉടമസ്ഥാവകാശം മാറ്റാൻ തിരുവനന്തപുരം കോർപ്പറേഷനിൽ 25.03.2015 ൽ അപേക്ഷ നൽകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) | ടി അപേക്ഷ (25.03.2015) സ്ഥലപരിശോധന റിപ്പോർട്ടിനായി റവന്യൂ ഇൻസ്പെക്ടർക്ക് അയച്ചിട്ടുണ്ട്. |